**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4063      24.08.2017 -ൽ മറുപടിക്ക്

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

| **ചോദ്യം**<br>**ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.അൻവർ സാദത്ത്** | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
|---|---|
| ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഒരുക്കിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ ? | ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്പ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. തൊഴിൽ അവബോധ പരിശീലന ക്ലാസുകൾ നയിക്കുന്നതിന് അതാതു മേഖലയിൽ വൈദഗ്ധ്യമുള്ള ഫാക്കൽറ്റികളുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്. കരിയർ സംബന്ധമായ എല്ലാ അറിവുകളും ശേഖരിച്ച് ക്രോഡീകരിച്ച് അനുയോജ്യമായ സോഫ്റ്റ് വെയറിൽ സൂക്ഷിക്കുകയും ദൈനംദിനം നവീകരിച്ച് ഒരു കരിയർ ഇൻഫർമേഷൻ ഡാറ്റാ ബാങ്കായി സൂക്ഷിച്ച് വിദ്യാർത്ഥികൾക്കും, ഉദ്യോഗാർത്ഥികൾക്കും പ്രയോജനപ്രദമാകുന്ന വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുന്നു. ടി സെന്ററുകളിൽ പരിശീലനം നൽകുന്നതിനായി സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി തുടങ്ങിയവ |

| | |
|---|---|
| | ആധുനിക സൗകര്യങ്ങളോട്ടുകൂടി സജ്ജീകരിച്ചിട്ടുണ്ട്. കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ് , ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, മോട്ടിവേഷൻ ക്ലാസുകൾ, പ്രി ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ തുടങ്ങിയവയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ നിന്നും നൽകുന്ന സേവനങ്ങൾ.ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും, തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെ കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും അറിവും പരിശീലനവും നൽകുന്നതിനും ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുവാനും കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ